## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6111** **20.11.2019-ൽ മറുപടിയ്ക്ക്**

## ഗവ.ഐ.ടി.ഐ. മാടായിൽ പുതിയ ട്രേഡുകൾ

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)** | |
| (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഗവ.ഐ.ടി.ഐ. മാടായിൽ ഏതൊക്കെ ട്രേഡുകളാണ് നിലവിലുള്ളത്; പുതുതായി ട്രേഡുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള മാടായി ഐ.ടി.ഐ.യിൽ നിലവിൽ പ്ലംബർ, പെയിന്റർ (ജനറൽ) എന്നീ ട്രേഡുകളിൽ പരിശീലനം നൽകുന്നു. ഏകവർഷ കോഴ്സ് ആയ പ്ലംബർ ട്രേഡിന്റെ ഒരു അഡീഷണൽ ബാച്ച് കൂടെ പുതുതായി ആരംഭിക്കുന്നതിന് സർക്കാരിൽ ശുപാർശ ലഭിച്ചിട്ടുണ്ട്. കൂടാതെ, പുതിയ രണ്ട് ട്രേഡുകൾ കൂടി തുടങ്ങുന്നതിന് ആവശ്യമായ ഭൗതികസൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള എസ്റ്റിമേറ്റ് അംഗീകരിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ അനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. കെട്ടിടം പണി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പുതിയ ട്രേഡുകൾ തുടങ്ങാൻ സാധിക്കുകയുള്ളൂ. |
| (ബി) | അവിടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ലഭിച്ച മുന്നൂറ്റിപ്പത്ത് ലക്ഷം രൂപയുടെ ടെണ്ടർ നടപടി പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ടെൻഡർ നടപടി പൂർത്തീകരിച്ചിട്ടില്ല. ടി പ്രവൃത്തിയുടെ സാങ്കേതിക അനുമതി (ടെക്ക്നിക്കൽ സാങ്ഷൻ) പി.ഡബ്ല്യൂ.ഡി കെട്ടിടം വിഭാഗം ചീഫ് എഞ്ചിനീയർ തലത്തിൽ നൽകേണ്ടതുണ്ട്. സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ പി.ഡബ്ല്യൂ.ഡി ചീഫ് എഞ്ചിനീയർ ഓഫീസിൽ സ്വീകരിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**